ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07.05.2025**

## പ്രധാനവാർത്തകൾ

1) **ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ സായുധ സേനയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സൈനിക നടപടിയുടെ വിശദാംശങ്ങൾ പ്രധാനമന്ത്രി രാഷ്ട്രപതിയെ ധരിപ്പിച്ചു. ന്യൂഡൽഹിയിൽ നാളെ സർവകക്ഷി യോഗം**
2) **ഭീകരവാദികളുമായുള്ള പാകിസ്ഥാൻറെ ബന്ധം പൂർണമായും വെളിപ്പെട്ടതായി കേന്ദ്രസർക്കാർ. ഭീകരരുടെ താവളങ്ങളെ പ്രത്യേകം ലക്ഷ്യമിട്ടാണ് പ്രത്യാക്രമണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്.**
3) **- പാക് ഷെല്ലാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 15 ആയി. അതിർത്തി മേഖലയിൽ സുരക്ഷ ശക്തമാക്കി ഇന്ത്യൻ സേന.**
4) **സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് രാജ്യവ്യാപകമായി ഇന്ന് മോക്ക് ഡ്രിൽ നടന്നു. കേരളത്തിൽ നടന്ന മോക്ക് ഡ്രില്ലിൽ സജീവ ജന പങ്കാളിത്തം. സൈനിക നടപടികൾക്ക് പൂർണ്ണ പിന്തുണ നൽകുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.**

RNU TVPM

5) **സിബിഐ ഡയറക്ടർ പ്രവീൺ സൂദിൻെറ കാലാവധി ഒരു വർഷം കൂടി നീട്ടി കേന്ദ്ര സർക്കാർ.**
6) **ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും**

&&&&&&&&&&&&&&&&&&

**പിഎം കാബിനെറ്റ്**

¬ഓപ്പറേഷൻ സിന്ദൂറിൻെറ വിജയത്തിൽ സായുധ സേനയെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി പാക് ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സേന നടത്തിയ നിർണായക സൈനിക നടപടിയെക്കുറിച്ച് കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ അദ്ദേഹം വിശദീകരിച്ചു. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലാണ് ഓപ്പറേഷൻ സിന്ദൂർ നടന്നത്. നിർണായക നീക്കത്തിൽ കേന്ദ്രമന്ത്രിമാർ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ഓപ്പറേഷൻ സിന്ദൂറിൻെറ വിശദാംശങ്ങൾ അറിയിക്കുന്നതിനായി പ്രധാനമന്ത്രി, രാഷ്ട്രപതി ഭവനിലെത്തി രാഷ്ട്രപതി ദ്രൗപദി മുർമുവിനെ നേരിൽക്കണ്ടു. നാളെ രാവിലെ 11 മണിക്ക് കേന്ദ്ര സർക്കാർ സർവകക്ഷി യോഗവും വിളിച്ചുചേർത്തിട്ടുണ്ട്. സൈനിക നടപടിയുടെ വിശദ വിവരങ്ങൾ യോഗത്തിൽ പങ്കുവയ്ക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## സിന്ദൂർ ജനറൽ

ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാനിലെയും, പാക് അധിനിവേശ കശ്മീരിലെയും 9 ഭീകര കേന്ദ്രങ്ങളിലാണ് ഇന്ത്യൻ സേന ഇന്നലെ അർദ്ധരാത്രി 1.05 നും 1.30 നും ഇടയിൽ പ്രത്യാക്രമണം നടത്തിയത്. പഹൽഗാം ഭീകരാക്രമണത്തിന് ശക്തമായ മറുപടി നൽകിക്കൊണ്ട് ഭീകരരുടെ താവളങ്ങളെ കൃത്യമായി ലക്ഷ്യം വച്ചുകൊണ്ടായിരുന്നു ആക്രമണം. പാക് സൈനിക കേന്ദ്രങ്ങളെ ഓപ്പറേഷൻ സിന്ദൂറിൽ ലക്ഷ്യമിട്ടിരുന്നില്ല. 26 പേരുടെ ജീവൻ കവർന്ന പഹൽഗാം ഭീകരാക്രമണം നടന്നിട്ട് 15 ദിവസങ്ങൾ പിന്നിടുമ്പോളാണ് ഇന്ത്യയുടെ പ്രത്യാക്രമണം.

RIJU TVPM

&&&&&&&&&&&&&&&&&&

## രാജ്നാഥ് സിംഗ്-ഇൻട്രോ

ഓപ്പറേഷൻ സിന്ദൂർ വിജയകരമായി നടപ്പിലാക്കിയതിൽ ഇന്ത്യൻ സായുധ സേനയെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. കൃത്യമായ ലക്ഷ്യത്തോടെ ഭീകരക്യാമ്പുകളെ മാത്രം ലക്ഷ്യം വച്ചാണ് ആക്രമണം നടത്തിയതെന്നും പാകിസ്ഥാൻറെ സൈനിക ക്യാമ്പുകളെയും സാധാരണ ജനങ്ങളെയും ആക്രമിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

**അമിത് ഷാ**

ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ അതിർത്തി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, ഡിജിപിമാർ, ചീഫ് സെക്രട്ടറിമാർ എന്നിവരുമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ യോഗം ചേർന്നു. ജമ്മുകശ്മീർ, പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ബിഹാർ, സിക്കി, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാരും ജമ്മുകശ്മീരിലേയും ലഡാക്കിലേയും ലഫ്റ്റനൻറ് ഗവർണർമാരും യോഗത്തിൽ പങ്കെടുത്തു .

&&&&&&&&&&&&&&&&&&&

**മിശ്രി**

ഭീകരവാദികളുമായുള്ള പാകിസ്ഥാൻറെ ബന്ധം പൂർണമായും വെളിപ്പെടുത്തുന്നതാണ് പഹൽഗാം ആക്രമണമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. ഭീകരസംഘടനയായ ലഷ്കർ ഇ തോയ്ബയുമായി ബന്ധമുള്ള റെസിസ്റ്റൻസ് ഫ്രണ്ട് ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്തത്, ഇതിനു പിന്നിലെ പാക് ബന്ധം വ്യക്തമാക്കുന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പഹൽഗാമിൻറെ

RNU TVPM

പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര രക്ഷാസമിതി പുറത്തിറക്കിയ മാധ്യമപ്രസ്താവനയിൽ നിന്നും റെസിസ്റ്റൻസ് ഫ്രണ്ടിൻറെ പേര് ഒഴിവാക്കാൻ പാകിസ്ഥാൻ നടത്തിയ ശ്രമങ്ങൾ അവഗണിക്കാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ജമ്മുകശ്മീരിലെ മതസൗഹർദ്ദവും, വിനോദസഞ്ചാര സാധ്യതകളും തകർക്കാൻ ലക്ഷ്യമിട്ടായിരുന്നു ഭീകരാക്രമണം. 2008 ലെ മുംബൈ ഭീകരാക്രമണത്തിന് ശേഷം സാധാരണ ജനങ്ങൾക്ക് നേരെ രാജ്യത്തുണ്ടായ ഏറ്റവും വലിയ ഭീകരാക്രമണമാണ് പഹൽഗാമിൽ നടന്നതെന്നും ശ്രീ വിക്രം മിസ്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**വ്യോമിക സിങ്ങ് (ഇൻട്രോ)**

RNU TVPM

പഹൽഗാം ഭീകരാക്രമണത്തിന് ഇരയായവർക്ക് നീതി ഉറപ്പാക്കാനാണ് ഓപ്പറേഷൻ സിന്ദൂർ നടപ്പാക്കിയതെന്ന് എയർഫോഴ്സ് വിങ് കമാൻഡർ വ്യോമിക സിങ്ങ് വ്യക്തമാക്കി. അതീവ ശ്രദ്ധയോടെയും വൈദഗ്ധ്യത്തോടെയുമാണ് ഓപ്പറേഷൻ നടപ്പാക്കിയതെന്നും, ഭാവിയിൽ ഇത്തരം ആക്രമണങ്ങൾ ഉണ്ടായാൽ ഉചിതമായ മറുപടി നൽകാൻ ഇന്ത്യൻ സേനകൾ സുശക്തമാണെന്നും എയർഫോഴ്സ് വിങ് കമാൻഡർ പറഞ്ഞു.

(ഹോൾഡ്)

ആർമി കേണൽ സോഫിയ ഖുറേഷിയും, എയർഫോഴ്സ് വിങ് കമാൻഡർ വ്യോമിക സിങ്ങുമാണ് ഓപ്പറേഷൻ സിന്ദൂറിൻറെ വിശദാംശങ്ങൾ ഇന്ന് മാധ്യമങ്ങളോട് വിശദീകരിച്ചത്

&&&&&&&&&&&&&&&&&&

**എൻഎസ്ഡിഎ ഡോവൽ**

ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ നിരവധി രാജ്യങ്ങളിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുമായി സംഭാഷണം നടത്തി. യുഎസ്, യുകെ, സൗദി , യുഎഇ , ജപ്പാൻ, റഷ്യ, ചൈന, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുമായി സംവദിച്ച അദ്ദേഹം ഇന്ത്യ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**നിയന്ത്രണരേഖ**

ജമ്മു കശ്മീരിൽ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള അതിർത്തി ഗ്രാമങ്ങളിൽ ഷെല്ലാക്രമണം നടത്തി പാകിസ്ഥാൻ സേന. പാക് ആക്രമണത്തിൽ 15 പേർ കൊല്ലപ്പെടുകയും കുട്ടികളടക്കം 43 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിക്കുകയാണ്.

ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച നിരവധി പാക് സൈനിക പോസ്റ്റുകൾ ഇന്ത്യൻ സേന തകർത്തതായാണ് വിവരം. ഷെല്ലാക്രമണം ആരംഭിച്ചതിന് പിന്നാലെ അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങൾ ബങ്കറുകളിലും സുരക്ഷിത ഇടങ്ങളിലും അഭയം തേടി. പൂഞ്ച്, ബലാകോട്ട്, മേന്ദർ, മാൻകോട്ട്, കൃഷ്ണ ഘാട്ടി, ഗുൽപുർ, കെർണി മേഖലയിലാണ് വീടുകളുടെ നേർക്കടക്കം ഷെല്ലിങ്ങ് ഉണ്ടായത്.

&&&&&&&&&&&&&&&&&&

**വിമാനത്താവളം**

RNU TVPM

ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ നിരവധി ആഭ്യന്തര വിമാന സർവീസുകൾ റദ്ദാക്കി വിവിധ എയർലൈൻ കമ്പനികൾ. ജമ്മു, ശ്രീനഗർ, ലേ, ജോദ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഢ്, രാജ്കോട്ട് എന്നിവിടങ്ങളിലെ വിമാനസർവീസുകൾ ഈ മാസം 10വരെ നിർത്തിവച്ചതായി എയർ ഇന്ത്യ അറിയിച്ചു . ഈ വിമാനത്താവളങ്ങൾ അടച്ചതായി ഏവിയേഷൻ അധികൃതർ അറിയിച്ചതിന് പിന്നാലെയാണ് നടപടി. ഓപ്പറേഷൻ സിന്ദൂരിൻറെ പശ്ചാത്തലത്തിൽ രാജസ്ഥാനിലും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ജയ്യൂർ, ബിക്കാനീർ, ജോഥ്പൂർ, കിഷൻഗഡ് എന്നീ

വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകൾ നിർത്തിവച്ചു.

&&&&&&&&&&&&&&&&&&&

**മോക്ക് ഡ്രിൽ ജനറൽ (ഇൻട്രോ)**

സുരക്ഷാ മുൻകരുതലിൻറെ ഭാഗമായി സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് രാജ്യവ്യാപകമായി ഇന്ന് മോക്ക് ഡ്രിൽ നടന്നു. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം, ഒഴിപ്പിക്കൽ നടപടികൾ എന്നിവ ഇതിലൂടെ അവലോകനം ചെയ്യു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി, 126 കേന്ദ്രങ്ങളിലാണ് ഇന്ന് മോക്ക് ഡ്രിൽ നടന്നത്. വൈകുന്നേരം നാല് മണിക്ക് ആരംഭിച്ച് അരമണിക്കൂർ നീണ്ട മോക്ക് ഡ്രില്ലിൽ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മെട്രോ സ്റ്റേഷനുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, മാളുകൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവയടക്കം പങ്കുചേർന്നു.

ആക്രമണ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ബോധവത്കരണം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. മോക്ക് ഡ്രിൽ സമയത്ത് സൈറൺ

RNU TVPM

മുഴങ്ങിയതോടെ ലൈറ്റുകളും, വൈദ്യുത ഉപകരണങ്ങളും അടക്കം ഓഫ് ചെയ്തുകൊണ്ടാണ് ജനങ്ങൾ ഇതിൽ പങ്കുചേർന്നത്. ദുരന്ത നിവാരണ സേനയും, അഗ്നി രക്ഷാ വിഭാഗവും നടപടികൾക്ക് നേതൃത്വം നൽകി. അക്രമണ സാഹചര്യങ്ങളെ പരിഭ്രാന്തി കൂടാതെ നേരിടുന്നതിനും, അടിയന്തര കിറ്റുകൾ ഉൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ സ്വീകരിക്കുന്നതിനും ജനങ്ങളെ സജ്ജരാക്കുകയാണ് മോക്ക് ഡ്രില്ലിലൂടെ ലക്ഷ്യമിട്ടത്.

തിരുവനന്തപുരം ജില്ലയിൽ നടന്ന മോക്ക് ഡ്രില്ലിൻറെ വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

(ഹോൾഡ്)

RNU TVPM

&&&&&&&&&&&&&&&&&&

**മോക്ക് ഡ്രിൽ-കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ജില്ലയിലെ അഞ്ചിടങ്ങളിലാണ് ഇന്ന് മോക്ഡ്രിൽ നടന്നത്. പരിക്കേറ്റവരെ രക്ഷപ്പെടുത്തി ഹോസ്പിറ്റൽ എത്തിക്കുന്നത് അടക്കമുള്ള കാര്യങ്ങൾ ഇതിൻറെ ഭാഗമായി നടന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ സിന്ദൂർ: മുഖ്യമന്ത്രി

തീവ്രവാദത്തിനെതിരായി യൂണിയൻ സർക്കാരും നമ്മുടെ പ്രതിരോധ സേനകളും സ്വീകരിക്കുന്ന നടപടികൾക്ക് പൂർണ്ണ പിന്തുണ നൽകുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. അത്തരം നടപടികളോടൊപ്പം തന്നെ പഹൽഗാമിൽ നിരപരാധികളെ കൊലപ്പെടുത്തിയവരെ നിയമത്തിനു മുന്നിൽ എത്തിക്കാനും പാകിസ്ഥാനിൽ ഭീകരവാദ ക്യാമ്പുകൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പുവരുത്താനും ഉള്ള നയതന്ത്രപരമായ ഇടപെടലുകൾ കൂടി സർക്കാരിൻ്റെ ഭാഗത്തു നിന്നുണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## സിപിഐ എം പോളിറ്റ് ബ്യൂറോ

പഹൽഗാം ഭീകരാക്രമണത്തിൽ തിരിച്ചടിച്ച ഇന്ത്യൻ സൈന്യത്തെ അഭിവാദ്യം ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. നിരപരാധികൾക്ക് നീതി കിട്ടിയെന്ന് ഓപ്പറേഷൻ സിന്ദൂർ നടത്തിയ സൈനികർക്ക് നന്ദി അറിയിച്ചുകൊണ്ട് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ

പ്രതികരിച്ചു. പഹൽഗാം ഭീകരാക്രമണത്തിന് ഉത്തരവാദിയായവരെ കൈമാറാൻ കേന്ദ്രസർക്കാർ പാകിസ്ഥാനുമേൽ സമ്മർദ്ദം തുടരണമെന്ന് സിപിഐഎം പോളിറ്റ് ബ്യൂറോ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## ഫാക്ട്ചെക്ക്

ശ്രീനഗർ വ്യോമതാവളം ലക്ഷ്യമിട്ട് പാക് വ്യോമസേന ആക്രമണം നടത്തിയെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് കേന്ദ്രസർക്കാർ. 2024 ൽ പാകിസ്ഥാനിലെ ഖൈബർ പഖ് തൂൺഖ്വയിൽ നടന്ന സംഘർഷ ദൃശ്യങ്ങളാണ് ശ്രീനഗർ വ്യോമതാവളത്തിലെ ആക്രമണമെന്നുള്ള പേരിൽ പ്രചരിക്കുന്നതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു.

RJIUTVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി സന്ദർശനം

ഓപ്പറേഷൻ സിന്ദൂരിൻറെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വിരാഷ്ട്ര സന്ദർശനം മാറ്റിവച്ചു. ക്രൊയേഷ്യ, നോർവേ, നെതർലാൻറ്സ് എന്നിവിടങ്ങളിലേക്കുള്ള സന്ദർശനമാണ് മാറ്റിവച്ചത്.

&&&&&&&&&&&&&&&&&&

## യു.എസ്-യുഎഇ-ഇസ്രായേൽ

ഓപ്പറേഷൻ സിന്ദൂറിൽ പ്രതികരിച്ച് ലോകരാജ്യങ്ങൾ. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഭിന്നതകൾ ഉടൻ അവസാനിക്കുമെന്ന് പ്രത്യാശിക്കുന്നതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. ഇന്ത്യയും പാകിസ്ഥാനും സംയമനം പാലിക്കണമെന്നും, സംഘർഷങ്ങൾ ലഘൂകരിക്കണമെന്നും യു .എ.ഇ അഭ്യർത്ഥിച്ചു . സ്വയം പ്രതിരോധത്തിനുള്ള ഇന്ത്യയുടെ അവകാശത്തെ പിന്താങ്ങുന്നതായി ഇസ്രയേൽ വ്യക്തമാക്കി.എല്ലാതരം ഭീകര പ്രവർത്തനങ്ങളേയും അപലപിക്കുന്നതായി റഷ്യ പ്രതികരിച്ചു. ഭീകരവാദത്തിനെതിരെ ഉറച്ച നിലപാട് സ്വീകരിക്കുമെന്ന് ജപ്പാനും സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതായി ജർമ്മനിയും പ്രതികരിച്ചു. ചർച്ചകളിലൂടെയും സമാധാനത്തിലൂടെയും പരിഹാരം കണ്ടെത്താൻ പിന്തുണ നൽകുമെന്ന് ഖത്തർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## സിബിഐ

സിബിഐ ഡയറക്ടർ പ്രവീൺ സൂദിൻറെ കാലാവധി ഒരു വർഷം കൂടി നീട്ടി കേന്ദ്ര സർക്കാർ. മന്ത്രിസഭാ നിയമനകാര്യ സമിതിയാണ് കാലാവധി ദീർഘിപ്പിക്കാൻ അനുമതി നൽകിയത്. പ്രവീൺ സൂദിൻറെ ഔദ്യോഗിക

RNU TVPM

കാലാവധി ഈ മാസം 25ന് അവസാനിക്കാനിരിക്കെയാണ് തീരുമാനം.

&&&&&&&&&&&&&&&&&&

**പാലക്കാട് ഐഐടി**

പാലക്കാട് ഐഐടിയുടെ അക്കാദമിക, അടിസ്ഥാന സൗകര്യ വികസനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. പാലക്കാട് അടക്കം അഞ്ച് പുതിയ ഐഐടികളുടെ അടുത്ത ഘട്ടത്തിലേക്കുള്ള നിർമാണ പ്രവർത്തനങ്ങൾക്കാണ് കേന്ദ്രം അംഗീകാരം നൽകിയത്.

&&&&&&&&&&&&&&&&&&

**മന്ത്രിസഭായോഗം**

ഭക്ഷ്യസുരക്ഷാ വകുപ്പിൽ 32 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. കൊച്ചി നഗരത്തിലെ ആറ് കനാലുകൾ പുനരുജ്ജീവിപ്പിച്ച് ഗതാഗത യോഗ്യമാക്കുന്നതിനും , നഗരത്തിലെ നിരന്തരമുള്ള വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിനുമായി 3716 കോടി രൂപയുടെ പദ്ധതിക്കും വ്യവസ്ഥകളോടെ ഭരണാനുമതി നൽകി.

&&&&&&&&&&&&&&&&&&

RNU TVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ഈഡൻ ഗാർഡൻസിൽ വൈകുന്നേരം 07:30 ന് ആണ് മത്സരം.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കനത്ത ചൂടും തുടരുകയാണ്. കോഴിക്കോട് ജില്ലയിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും; പാലക്കാട് 37 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## കനത്ത മഴ

കനത്ത മഴയിൽ മണ്ണിടിച്ചിലും, ശക്തമായ മഴവെള്ളപാച്ചിലും ഉണ്ടായതോടെ

RNUTVPM

ഇടുക്കി കുഞ്ചിത്തണ്ണിയിൽ ഗതാഗത തടസ്സം.കുഞ്ചിത്തണ്ണി- ബൈസൺവാലി റോഡിൽ - ഫെഡറൽ ബാങ്കിന് സമീപമാണ് റോഡിലേക്ക് മണ്ണിടിച്ചിൽ ഉണ്ടായത്.ഇന്നുച്ചക്ക് ശേഷം പ്രദേശത്ത് ശക്തമായ മഴയാണ് പെയ്തത്. പ്രദേശവാസികളുടെ നേതൃത്വത്തിൽ മണ്ണ് നീക്കിയാണ് ഗതാഗതം പുനസ്ഥാപിച്ചത്. മണ്ണിടിഞ്ഞെത്തിയ സമയം റോഡിൽ ആളുകളും വാഹനങ്ങളും ഇല്ലാതിരുന്നതിനാൽ അപകടം ഒഴിവായി.

&&&&&&&&&&&&&&&&&&

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ലാഭം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 106 പോയിൻറ് നേട്ടത്തിൽ 80,747ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 35 പോയിൻറ് നേട്ടത്തിൽ 24,414ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർദ്ധന. പവന് 400 രൂപ വർദ്ധിച്ച് 72,600 രൂപയും ഗ്രാമിന് 50 രൂപ വർദ്ധിച്ച് 9,075 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## ചീഫ് ഇലക്ടറൽ ഓഫീസർ

നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൻമേൽ പരാതികൾ ഉണ്ടെങ്കിൽ അപ്പീൽ നൽകാമെന്ന് ചീഫ് ഇലക്ട്രൽ ഓഫീസർ രത്തൻ യു

RIJU TVPM

കേൽക്കർ .

 കരട് വോട്ടർ പട്ടികയിലെ എല്ലാ അവകാശവാദങ്ങളും എതിർപ്പുകളും പരിഹരിച്ച ശേഷമാണ്, ഈ മാസം അഞ്ചിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ**

തന്നേപ്പോലെ തൻറെ അയൽക്കാരനേയും സ്നേഹിക്കണമെന്ന ക്രിസ്തുവിൻറെ കൽപനയ്ക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ടെന്ന് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ. പന്തളം അറത്തിൽ സെൻറ് ജോർജ് ഇടവകയുടെ ഈ വർഷത്തേ ഓർഡർ ഓഫ് സെൻറ് ജോർജ് പുരസ്ക്കാരം പ്രശസ്ത ഗായകൻ കെ. ജി മാർക്കോസിനു നൽകിക്കൊണ്ട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. .

&&&&&&&&&&&&&&&&&&

**തൃശ്ശൂർ പൂരം**

അതിപ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന് ഇന്ന് സമാപനമായി. ഇന്ന് പുലർച്ചെ നടന്ന വെടിക്കെട്ട് ഉൾപ്പെടെയുള്ള പ്രധാന ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ ജനലക്ഷങ്ങളാണ് തേക്കിൻ കാട് മൈതാനത്ത് എത്തിയത്. പകൽ പൂരത്തിനു ശേഷം പാറമേക്കാവ് തിരുവമ്പാടി ഭഗവതിമാർ

RNU TVPM

വടക്കുന്നാഥനെ വണങ്ങി ഉപചാരം ചൊല്ലി പിരിഞ്ഞതോടെ പൂരത്തിന് പരിസമാപ്തി ആയി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM